. **Holy Saturday, 15 April, 2006**

## യോനാ അദ്ധ്യായം : 2 (First Reading)

2:2 ഞാൻഎന്റെ കഷ്ടതനിമിത്തം യഹോവയോടു നിലവിളിച്ചു; അവൻഎനിക്കു ഉത്തരം അരുളി;
ഞാൻപാതാളത്തിന്റെ വയറ്റിൽനിന്നു അയ്യം വിളിച്ചു; നീ എന്റെ നിലവിളി കേട്ടു.

2:3 നീ എന്നെ സമുദ്രമദ്ധ്യേ ആഴത്തിൽ ഇട്ടുകളഞ്ഞു; പ്രവാഹം എന്നെ ചുറ്റി നിന്റെ ഔളങ്ങളും തിരകള
എന്റെ മീതെ കടന്നുപോയി.

2:4 നിന്റെ ദൃഷ്ടിയിൽനിന്നു എനിക്കു നീക്കം വന്നിരിക്കുന്നു; എങ്കിലും ഞാൻനിന്റെ വിശുദ്ധമന്ദിരത്തിങ്കലേക
നോക്കിക്കൊണ്ടിരിക്കും എന്നു ഞാൻപറഞ്ഞു.

2:5 വെള്ളം പ്രാണനോളം എന്നെ വളഞ്ഞു, ആഴി എന്നെ ചുറ്റി, കടല്പുല്ലു എന്റെ തലപ്പാവായിരുന്നു.

2:6 ഞാൻപർവ്വതങ്ങളുടെ അടിവാരങ്ങളോളം ഇറങ്ങി, ഭൂമി തന്റെ ഔടാമ്പലുകളാൽ എന്നെ സദാകാലത്തേ
അടെച്ചിരുന്നു. നീയോ, എന്റെ ദൈവമായ യഹോവേ, എന്റെ പ്രാണനെ കുഴിയിൽനിന്നു കയറ്റിയിരിക്കു

2:7 എന്റെ പ്രാണൻഎന്റെ ഉള്ളിൽ ക്ഷീണിച്ചുപോയപ്പോൾ ഞാൻയഹോവയെ ഔർത്തു എന്റെ പ്രാർത്ഥന
വിശുദ്ധമന്ദിരത്തിൽ നിന്റെ അടുക്കൽ എത്തി.

2:8 മിത്ഥ്യാബിംബങ്ങളെ ഭജിക്കുന്നവർ തങ്ങളോടു ദയാലുവായവനെ ഉപേക്ഷിക്കുന്നു.

2:9 ഞാനോ സ്തോത്രനാദത്തോടെ നിനക്കു യാഗം അർപ്പിക്കും; നേർന്നിരിക്കുന്നതു ഞാൻകഴിക്കും. രക്ഷ
യഹോവയുടെ പക്കൽനിന്നു വരുന്നു.

2:10 എന്നാൽ യഹോവ മത്സ്യത്തോടു കല്പിച്ചിട്ടു അതു യോനയെ കരെക്കു ഛർദ്ദിച്ചുകളഞ്ഞു.

## 1 കൊരിന്ത്യർ 1:18-25 (Second Reading)

1:18 ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും
ആകുന്നു.

1:19 "ജ്ഞാനികളുടെ ജ്ഞാനം ഞാൻനശിപ്പിക്കയും ബുദ്ധിമാന്മാരുടെ ബുദ്ധി ദുർബ്ബലമാക്കുകയും ചെയ്യും"
എഴുതിയിരിക്കുന്നുവല്ലോ.

1:20 ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ? ഈ ലോകത്തിലെ താർക്കികൻഎവിടെ? ലോകത്തിന്റെ ജ്ഞാനം
ദൈവം ഭോഷത്വമാക്കിയില്ലയോ?

1:21 ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു വിശ്വസിക്കുന്നവ
പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻദൈവത്തിന്നു പ്രസാദം തോന്നി.

1:22 യെഹൂദന്മാർ അടയാളം ചോദിക്കയും യവനന്മാർ ജ്ഞാനം അന്വേഷിക്കയും ചെയ്യുന്നു;

1:23 ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു; യെഹൂദന്മാർക്കു ഇടർച്ചയും

1:24 ജാതികൾക്കു ഭോഷത്വവുമെങ്കിലും യെഹൂദന്മാരാകട്ടെ യവനന്മാരാകട്ടെ വിളിക്കപ്പെട്ട ഏവർക്കും
ദൈവശക്തിയും ദൈവജ്ഞാനവുമായ ക്രിസ്തുവിനെ തന്നേ.

1:25 ദൈവത്തിന്റെ ഭോഷത്വം മനുഷ്യരെക്കാൾ ജ്ഞാനമേറിയതും ദൈവത്തിന്റെ ബലഹീനത മനുഷ്യരെക്കാ
ബലമേറിയതും ആകുന്നു.

## റോമർക്ക് എഴുതിയ ലേഖനം 6: 3-12 (Third Reading)

6:3 അല്ല, യേശു ക്രിസ്തുവിനോടു ചേരുവാൻസ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ
പങ്കാളികളാകുവാൻസ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?

6:4 അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്നു സ്നാനത്താൽ അവനോടു കൂടെ

കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവ
പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ.

6:5 അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ
സാദൃശയത്തോടും ഏകീഭവിക്കും.

6:6 നാം ഇനി പാപത്തിന്നു അടിമപ്പെടാതവണ്ണം പാപശരീരത്തിന്നു നീക്കം വരേണ്ടതിന്നു നമ്മുടെ പഴയ
മനുഷ്യൻഅവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു.

6:7 അങ്ങനെ മരിച്ചവൻപാപത്തിൽ നിന്നു മോചനം പ്രാപിച്ചിരിക്കുന്നു.

6:8 നാം ക്രിസ്തുവിനോടു കൂടെ മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു വിശ്വസിക്കുന്നു.

6:9 ക്രിസ്തു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിന്നു അവന്റെ മേൽ ഇനി
കർത്തൃത്വമില്ല എന്നു നാം അറിയുന്നുവല്ലോ.

6:10 അവൻമരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു; അവൻജീവിക്കുന്നതോ ദൈവത്തിന്നു
ജീവിക്കുന്നു.

6:11 അവ്വണ്ണം നിങ്ങളും പാപ സംബന്ധമായി മരിച്ചവർ എന്നു ക്രിസ്തുയേശുവിൽ ദൈവത്തിന്നു ജീവിക്കു
എന്നും നിങ്ങളെത്തന്നേ എണ്ണുവിൻ.

6:12 ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറു ഇനി വാഴ

**യോഹന്നാൻ എഴുതിയാ സുവിശേഷം**
**അദ്ധ്യായം : 3 (Gospel)**

3:5 അതിന്നു യേശു: ആമേൻ, ആമേൻ, ഞാൻനിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല
എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻആർക്കും കഴികയില്ല.

3:6 ജഡത്താൽ ജനിച്ചതു ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവു ആകുന്നു.

3:7 നിങ്ങൾ പുതുതായി ജനിക്കേണം എന്നു ഞാൻനിന്നോടു പറകയാൽ ആശ്ചര്യപ്പെടരുതു.

3:8 കാറ്റു ഇഷ്ടമുള്ളേടത്തു ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അതു എവിടെനിന്നു വരുന
എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല; ആത്മാവിനാൽ ജനിച്ചവൻഎല്ലാം അതുപോലെ അ
എന്നു ഉത്തരം പറഞ്ഞു.

Courtesy: my-bible.us

© 2006 iccvienna.org All rights reserved